ഉത്തരം

(എ) തീരദേശ റോഡ് നിർമ്മാണത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കോഴിക്കോട് ബൈപ്പാസ് റോഡ് നീട്ടുന്നതിന് നടപടി

95 [1217] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലുള്ള ബൈപ്പാസ് റോഡ് ഇപ്പോൾ കുണ്ടുപറമ്പ് വരെ എത്തിയ നിലയ്ക്ക് അത് കനോലി തോടിന് പടിഞ്ഞാറ് വശത്തുകൂടി എരഞ്ഞിക്കൽ അങ്ങാടി വരെ നീട്ടുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ബൈപ്പാസ് റോഡ് എരഞ്ഞിക്കൽ അങ്ങാടി വരെ നീട്ടുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. അതിനായി 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പരിശോധനകൾ നടത്തി സ്ഥലം ഏറ്റെടുക്കലുൾപ്പെടെ റോഡ് നിർമ്മാണത്തിനുള്ള അടങ്കൽ തയ്യാറാക്കി വരുന്നു.

കൊടുങ്ങല്ലൂർ ബൈപ്പാസ് നാലുവരിപ്പാതയാക്കുന്നതിന് നടപടി

96 [1218] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ സ്ഥലമെടുപ്പിന് കേന്ദ്ര വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിൻ പ്രകാരം സ്ഥലമെടുപ്പ് അനുമതിക്കായി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബൈപ്പാസ് നാലുവരിപ്പാതയാക്കി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതുവിധത്തിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി & ഇ) ഇടപ്പള്ളി മുതൽ കുറ്റിപ്പുറം വരെയുള്ള റോഡ് നാലുവരിയാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എൻ.എച്ച്.എ.ഐ. വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിൽ കെ.എസ്.ടി.പി.-യുടെ പ്രവർത്തനം

97 [1219] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കെ.എസ്.ടി.പി.-യുടെ കീഴിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇവയുടെ പ്രവൃത്തി നടത്തുന്നത് ഏതെല്ലാം കോൺട്രാക്ടർമാരാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ ; ഇവ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ടി.പി. ഹെവി മെയിന്റനൻസിൽ ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ വിവരം താഴെ ചേർക്കുന്നു :

1. സുൽത്താൻബത്തേരി-പുൽപ്പള്ളി റോഡ് (35 കി. മീ.)
2. വൈത്തിരി-പാറത്തോട് റോഡ് (12 കി. മീ.)
3. പാറത്തോട്-തരുവണ്ണ റോഡ് (18.6 കി. മീ.)
4. കുറ്റ്യാടി-കെല്ലൂർ റോഡ് (23 കി. മീ.)

(ബി) മേൽ റോഡുകളുടെ പ്രവർത്തി നടത്തുന്ന കോൺട്രാക്ടർമാരുടെ പേരുവിവരം താഴെ ചേർക്കുന്നു :

സുൽത്താൻബത്തേരി-പുൽപ്പള്ളി റോഡ്	—	ആർ.ഡി.എസ്. പ്രോജക്ട്സ്, തിരുവനന്തപുരം.
വൈത്തിരി-പാറത്തോട് റോഡ്	—	ചന്ദ്രഗിരി കൺസ്ട്രക്ഷൻസ്, കാസർഗോഡ്.
പാറത്തോട്-തരുവണ്ണ റോഡ്	—	വിശാൽ ഇൻഫ്രാസ്ട്രക്ചർലി, ബാംഗ്ലൂർ
കുറ്റ്യാടി-കെല്ലൂർ റോഡ്	—	കൺസോളിഡേറ്റഡ് എന്റർപ്രൈസസ്, ലിമിറ്റഡ്, ബാംഗ്ലൂർ

LIBRARY ARCHIVES Kerala Legislative Assembly